# കുടുംബശ്രീ വയോജനങ്ങളുടെ പ്രത്യേക അയൽക്കൂട്ടം - പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കൽ ശിൽപശാല - യോഗ നടപടിക്കുറിപ്പുകൾ

*20/06/2017–ന് ഉച്ചയ്ക്ക് 02 മണി*
*കോൺഫറൻസ് ഹാൾ, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്,*
*തിരുവനന്തപുരം.*

**സ്വാഗതം: ശ്രീ. പ്രമോദ്. കെ.വി., പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ സ്റ്റേറ്റ് മിഷൻ**

കേരളീയ സമൂഹത്തിന്റെ എല്ലാ മേഖലകളിലും കുടുംബശ്രീ പ്രസ്ഥാനം സജീവമായി ഇടപെട്ടുവരുന്നു എന്നുള്ള കാര്യം നമുക്കേവർക്കും നേരനുഭവമുള്ള കാര്യമാണല്ലോ?. പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ സ്വതന്ത്ര കൂട്ടായ്മകൾക്ക് രൂപം നൽകി അവരുടെ അവകാശങ്ങളും, സാമൂഹ്യക്ഷേമവും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ മേഖലകളിൽ പ്രത്യേക അയൽക്കൂട്ട സംവിധാനങ്ങൾ തന്നെ രൂപപ്പെടുത്തിയിട്ടുള്ളത്. അതനുസരിച്ചാണ് വയോജന അയൽക്കൂട്ട രൂപീകരണ പ്രവർത്തനവും നടന്നുവരുന്നത്. ഇപ്പോൾ ബൈലോ പരിഷ്ക്കരണത്തിന്റെ ഭാഗമായി ബൈലോ പരാമർശത്തിൽ ഉൾപ്പെട്ട് നിയമവിധേയമായ രീതിയിൽ ഈ ഉദ്യമങ്ങളെ പരിവർത്തിപ്പിക്കേണ്ടതായുണ്ട്. ഇതിന്റെ ഭാഗമായി കഴിഞ്ഞ മൂന്ന് ദിവസമായി സംസ്ഥാന തലത്തിൽ, പ്രത്യേക വിഭാഗങ്ങളുടെ ശില്പശാലകൾ സംഘടിപ്പിച്ചത്. വയോജനങ്ങളുടെ അറിവും ശേഷിയും കുടുംബശ്രീ പ്രവർത്തനത്തിന്റെ ഭാഗമാകാൻ കഴിയും എന്നത് കൊല്ലം, എറണാകുളം ജില്ലകളിൽ എൻ.ആർ.എൽ.എം. പ്രോജക്ടിന്റെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിൽ രൂപീകരിച്ച അയൽക്കൂട്ടങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഈ ശില്പശാലയുടെ മോഡറേറ്റർ നമുക്കേവർക്കും സുപരിചിതനായ ശ്രീ.എൻ.കൃഷ്ണൻകുട്ടി സാറാണ്. അദ്ദേഹത്തെയും, ഈ ശില്പശാലയിൽ പ്രതിനിധികളായി എത്തിയിട്ടുള്ള വിവിധ മേഖലകളിലെ പ്രവർത്തകരെയും കുടുംബശ്രീ സംസ്ഥാന മിഷനുവേണ്ടി സ്വാഗതം ചെയ്യുന്നു.

**ശ്രീ. എൻ. കൃഷ്ണൻകുട്ടി നായർ റിസോഴ്സ് പേഴ്സൺ, കുടുംബശ്രീ (മോഡറേറ്റർ)**

കുടുംബശ്രീയുടെ പൊതു അയൽക്കൂട്ട സംവിധാനത്തിൽ നിന്നും വ്യത്യസ്തമായി, മറ്റ് വിഭാഗങ്ങളിലുള്ള പ്രത്യേക അയൽക്കൂട്ട രൂപങ്ങളെ ഉൾച്ചേർത്തുകൊണ്ട് എങ്ങനെ പ്രവർത്തിക്കുവാൻ കഴിയും എന്ന അന്വേഷണവും, വ്യക്തതവരുത്തലുമാണ് പ്രധാനമായും ഈ ശില്പശാലകൊണ്ട് ഉദ്ദേശിക്കുന്നത്. ആ നിലയ്ക്കുള്ള ചർച്ചകളും നിർദ്ദേശങ്ങളുമാണ് പ്രതിനിധികളുടെ ഭാഗത്തുനിന്നും വരേണ്ടത്. ചർച്ചയ്ക്ക് ആധാരമാക്കാനുള്ള വിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ചാ കുറിപ്പും ഉപയോഗപ്പെടുത്താവുന്നതാണ്.

**ശ്രീ. അനിഷ്കുമാർ, സീനിയർ കൺസൾട്ടന്റ്, കുടുംബശ്രീ - ചർച്ചാകുറിപ്പ് അവതരണം**

കേരള സംസ്ഥാന സർക്കാരിന്റെ വയോജന നയം മുൻനിർത്തി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായും, ഫലപ്രദമായും ഈ വിഭാഗത്തിലുള്ളവർക്ക് എത്തിക്കുന്നതിനായാണ് കുടുംബശ്രീ വയോജനങ്ങളുടെ

പ്രത്യേക അയൽക്കൂട്ടം രൂപീകരിച്ചിട്ടുള്ളത്. കൂടാതെ വയോജനങ്ങളുടെ സാമ്പത്തികവും, ആരോഗ്യപരവും, വൈകാരികവുമായ ശാക്തീകരണവും ലക്ഷ്യമിടുന്നു. തുടർന്ന് പ്രവർത്തന മാർഗ്ഗരേഖയുടെ കരട് ചർച്ചാകുറിപ്പിനെ അടിസ്ഥാനമാക്കി അവതരണം നടത്തുകയും ചർച്ച പ്രധാനമായും കേന്ദ്രീകരിക്കേണ്ട താഴെപറയുന്ന വിഷയ മേഖലകൾ പ്രതിപാദിക്കുകയും ചെയ്തു.

- സാമൂഹിക ഉൾപ്പെടുത്തൽ : മൊബലൈസേഷൻ (സർവ്വേ, ക്യാമ്പയിൻ), എ.പി.എൽ, ബി.പി.എൽ പരിഗണന, അയൽക്കൂട്ട രൂപീകരണം, അംഗത്വം, ഭാരവാഹിത്വം, പ്രത്യേക എ.ഡി.എസ്, അഫിലിയേഷൻ, മുതലായവ
- ആരോഗ്യഉൾപ്പെടുത്തൽ : വിവിധ വകുപ്പുകളുടെ സേവനങ്ങൾ എങ്ങനെ ലഭ്യമാക്കാം
- സാമ്പത്തിക ഉൾപ്പെടുത്തൽ : ത്രിഫ്റ്റ്, Revolving Fund, Vulnerability Reduction Fund, Linkage Loan, Matching Grant, Bank Account etc..
- ഉപജീവനം : ആരോഗ്യപരമായും ശാരീരികമായും ജോലി ചെയ്യാൻ കഴിവുള്ള വയോജനങ്ങൾക്ക് ഉപജീവന മാർഗ്ഗം നൽകുക - ആക്റ്റിവിറ്റി ഗ്രൂപ്പുകൾ
- അവകാശ സംരക്ഷണം: പ്രശ്ന പരിഹാരത്തിനായുള്ള കൂട്ടായ്മകൾ സൗഹൃദഗ്രാമം, ജാഗ്രതാസമിതി മുതലായവ.

തുടർന്ന് മോഡറേറ്ററായ ശ്രീ. എൻ. കൃഷ്ണൻ കുട്ടി നായർ മുകളിൽ സൂചിപ്പിച്ച വിഷയങ്ങൾ ക്രോഡീകരിച്ച് ചർച്ചയ്ക്കായി അംഗങ്ങളെ ക്ഷണിച്ചു.

**പൊതുചർച്ച**

**ശ്രീ. കിരൺ, കുടുംബശ്രീ എറണാകുളം**

എടക്കാട്ട് വയൽ, മുളന്തുരുത്തി എന്നിവിടങ്ങളിൽ 2000 അംഗങ്ങളെ സർവ്വേ നടത്തി ക്യാമ്പെയിനുകൾ സംഘടിപ്പിച്ച് അയൽക്കൂട്ടങ്ങളുടെയും, പ്രത്യേക അയൽക്കൂട്ടങ്ങളുടെയും ഭാഗമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് സി.ഐ.എഫ്.-15 ലക്ഷം, വി.ആർ.എഫ്.-15 ലക്ഷം ലഭ്യമാക്കിയിട്ടുണ്ട്. എ.ഡി.എസ്. സംവിധാനം നിലവിലുണ്ട്, കൺവീനറെയും, ജോയിന്റ് കൺവീനറെയും, തെരഞ്ഞെടുത്തിട്ടുണ്ട്. പഠനയാത്ര സംഘടിപ്പിച്ചിട്ടുണ്ട്. കൃഷി ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2015–2016 വയോജന ദിനം സമുചിതമായി ആചരിക്കുവാൻ കഴിഞ്ഞത് ശ്രദ്ധേയമായ പ്രവർത്തനം ആയിരുന്നു.

**ശ്രീമതി. ലളിത – പ്രത്യേക അയൽക്കൂട്ട അംഗം, എറണാകുളം**

ഞങ്ങളുടെ അയൽക്കൂട്ടത്തിന്റെ പേര് ദൃശ്യ അയൽക്കൂട്ടം. ഞാൻ അതിന്റെ സെക്രട്ടറിയാണ്. പ്രത്യേക അയൽക്കൂട്ടം തുടങ്ങിയതു മുതൽ അംഗങ്ങൾ ആഹ്ലാദഭരിതരാണ്. പൊതു അയൽക്കൂട്ടത്തിൽ നിന്നും മാറിയാണ് പ്രത്യേക അയൽക്കൂട്ടം രൂപീകരിച്ചത്. പൈസയുടെ പരിമിതി നേരിടുന്നുണ്ട്. ധനസഹായം കിട്ടിയാൽ നന്നായിരുന്നു. ചെറിയ രീതിയിൽ അച്ചാർ നിർമ്മാണം നടത്തുന്നുണ്ട്. വിറ്റഴിക്കാൻ കഴിയുന്നില്ല. 70 വയസ്സുവരെയുള്ളവർ അയൽക്കൂട്ടത്തിൽ ഉണ്ട്. ത്രിഫ്റ്റ് 20 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ബാങ്ക് ലിങ്കേജ് ഇല്ല. ഓണഫണ്ട് സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നു. വയോജന അയൽക്കൂട്ടങ്ങളുടെ വ്യാപനത്തിനുവേണ്ടി പ്രവർത്തിക്കുന്നു.

**ശ്രീ. രാജേന്ദ്രൻ പ്രത്യേക അയൽക്കൂട്ട അംഗം, മുളന്തുരുത്തി, എറണാകുളം**

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ പ്രത്യേക അയൽക്കൂട്ട അംഗം മൊത്തം 15 പേർ 2 പുരുഷന്മാർ, 13 സ്ത്രീകൾ 3000 രൂപ ലോണെടുത്ത് പച്ചക്കറി കൃഷി നടത്തി. ഉൽപ്പന്നങ്ങൾ അംഗങ്ങൾ വീതിച്ചെടുത്തുന്നതിനുശേഷം ബാക്കിയുള്ളവ വിറ്റു. അതുവഴി ലാഭവും ലഭിച്ചു. ഇപ്പോൾ കൃഷി വിപുലപ്പെടുത്തി. ത്രിഫ്റ്റ് 20 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ത്രിഫ്റ്റ് നിക്ഷേപിക്കാൻ കഴിയാത്തവരുമുണ്ട്. എന്നാൽ നിർബന്ധിക്കാറില്ല.. ഇനി അംഗങ്ങൾക്കായി ആയുർവേദ ക്യാമ്പ് നടത്തണം. റേഷൻ കാർഡ് അപേക്ഷ സ്വീകരിക്കൽ - Help Desk ആയി പ്രവർത്തിച്ചു. പ്രവർത്തനങ്ങളിലൂടെ മാനസിക സംതൃപ്തിയും, സന്തോഷവുമുണ്ട്.

**ശ്രീ. മണിയൻ, പ്രത്യേക അയൽക്കൂട്ട അംഗം, എടക്കോട്ട് വയൽ, എറണാകുളം**

ഞാനും എടക്കാട്ട് വയൽ സി.ഡി.എസിൽ വയോജന അയൽക്കൂട്ട അംഗമാണ്. കൂടാതെ 7 യൂണിറ്റുകളുടെ മാനേജ്മെന്റും ചെയ്യുന്നു. ഞങ്ങളുടെ അയൽക്കൂട്ടം ഞായാറാഴ്ചകളിൽ യോഗം ചേരുന്നു. 2 മണിക്കൂറോളം യോഗം ചേർന്ന് ചർച്ചയിലൂടെ തീരുമാനങ്ങളും എടുക്കുന്നു. സാമ്പത്തികത്തിൽ മാത്രം ഊന്നാതെ, മാതൃകാപരമായി സാമൂഹ്യപരിപാടികളും സംഘടിപ്പിക്കുന്നു.

**ശ്രീമതി. സീന, മുളന്തുരുത്തി, എറണാകുളം**

രൂപീകരിച്ച 125 അയൽക്കൂട്ടങ്ങളിൽ 115 എണ്ണം പ്രവർത്തിക്കുന്നു. സ്ത്രീകൾ ഭാരവാഹിത്വം ഏറ്റെടുക്കാൻ മടിക്കുന്നതുകൊണ്ടാണ് 10 എണ്ണം പ്രവർത്തിക്കാത്തത്. പ്രായാധിക്യമാണ് കാരണം. പ്രത്യേക എ.ഡി.എസ്. രൂപീകരിച്ചിട്ടുണ്ട്. എ.ഡി.എസ്.ന് പ്രത്യേക അക്കൗണ്ടുമുണ്ട്. സി.ഡി.എസിലേയ്ക്ക് പ്രാധിനിധ്യം ഇല്ല. 50 രൂപ അഫിലിയേഷൻ ഫീസ് ഇനത്തിൽ വാങ്ങുന്നു.

**ശ്രീമതി. ഭൈമി, കൊല്ലം**

7 പ്രത്യേക അയൽക്കൂട്ടങ്ങൾ ഉണ്ട്. ഒന്നിനും Revolving Fund കിട്ടിയില്ല. മത്സ്യത്തൊഴിലാളി മേഖലയിലുള്ള ഇവയ്ക്ക് കൂടുതൽ സാമ്പത്തിക സഹായം ആവശ്യമാണ്. മെഡിക്കൽ ക്യാമ്പ് നടത്തി.

**ശ്രീ.സോമൻ, അയൽക്കൂട്ട അംഗം**

ഞാൻ മുദ്ര അയൽക്കൂട്ട അംഗം. എന്റെ ഭാര്യയുൾപ്പെടെ 20 പേർ അയൽക്കൂട്ടത്തിൽ ഉണ്ട്. 60 വയസ്സ് കഴിഞ്ഞവരെ സംരംഭത്തിന് നിർബന്ധിക്കരുത്. അംഗസംഖ്യ 10 ആക്കി ചുരുക്കണം. ബിപിഎൽ/എപിഎൽ വ്യത്യാസം പാടില്ല. എ.ഡി.എസിൽ നിന്നും ഒരംഗത്തെ സിഡിഎസിൽ ഉൾപ്പെടുത്തണം. പുരുഷന്മാരെ രക്ഷാധികാരിയാക്കണം. വോട്ടവകാശം ഉറപ്പാക്കണം.

**ശ്രീമതി. ഭൈമി, കൊല്ലം**

സംരംഭകരാകാൻ ആരേയും നിർബന്ധിക്കുന്നില്ല. ഹോംഷോപ്പ് വഴി വിപണന സാധ്യത കണ്ടെത്തണം. 5 സിഡിഎസ്ന് സി.ഐ.എഫ്., 20 എ.ഡി.എസിന് വി.ആർ.എഫ്. ഇവ ലഭ്യമാക്കിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് – എസ്.ബി.ഐ ബാങ്കിൽ പ്രശ്നം ആണ്. പാൻ കാർഡ് നിർബന്ധം, മിനിമം ബാലൻസ് ഇവ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എൻഎച്ച്ജികളിൽ തുടക്കത്തിൽ സ്ത്രീകൾക്കുമാത്രമായി

ഭാരവാഹിത്വം വന്നപ്പോൾ പുരുഷന്മാർ നിസഹകരിച്ചിരുന്നു. രക്ഷാധികാരി എന്ന നിലയിൽ വന്നപ്പോൾ പ്രശ്നം മാറി സഹകരിക്കുന്നു.

**ശ്രീ.കേശവൻ നായർ, കുടുംബശ്രീ മുൻ പ്രോഗ്രാം ഓഫീസർ**

ഒരു വിയോജിപ്പോടെയാണ് ഞാൻ ഇനി ചർച്ചയിലേയ്ക്ക് കടക്കുന്നത്. ഒരു അയൽക്കൂട്ടം അതിലെ അംഗങ്ങളിലൂടെ കുടുംബങ്ങളിലേയ്ക്ക് എത്തിച്ചേരണം എന്നിരിക്കേ, പൊതുഅയൽക്കൂട്ടത്തിൽ നിന്നും മാറി വയോജന അയൽക്കൂട്ടങ്ങൾ എന്ന രീതി ശരിയല്ല. പൊതുധാരയിൽ ചേർന്ന് നിന്ന് പ്രവർത്തിക്കുന്നതല്ലേ കൂടുതൽ നല്ലത്. അനിവാര്യമായ സാഹചര്യത്തിലൊഴികെ ഇത് പ്രോത്സാഹിപ്പിക്കേണ്ടതില്ല.

- അയൽക്കൂട്ട കുടംബങ്ങളിലെ മുഴുവൻ വയോജനങ്ങളെയും ഇത്തരം വയോജനങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് അംഗങ്ങളാക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് അയൽക്കൂട്ടങ്ങൾക്ക് നൽകണം (100% ഉൾപ്പെടുത്തൽ). പൊതു അയൽക്കൂട്ടത്തിന്റെ മേൽനോട്ടത്തിലായിരിക്കണം ഇത്തരം അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കേണ്ടത്.
- ഇവരുടെ പിന്തുണാ സഹായങ്ങൾ ഉറപ്പാക്കലിന് മുൻകൈ എടുക്കേണ്ടത് പൊതു എഡിഎസ്, സിഡിഎസ്, എൻഎച്ച്ജി സംവിധാനങ്ങളാണ്.
- വയോജന നയത്തിന് ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ആയിരിക്കണം വയോജനങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ മുഖേന നടപ്പിലാക്കേണ്ടത്.
- പൊതു അയൽക്കൂട്ട പ്രവർത്തനങ്ങളിൽ നിന്നും ഇത്തരം അയൽക്കൂട്ടങ്ങൾക്ക് ഇളവ് നൽകണം. ത്രിഫ്റ്റ് പേലുള്ള പ്രവർത്തനങ്ങൾ നിർബന്ധമാക്കരുത്.
- ഇവരിൽ നിന്നും ആർപിമാരെ (റിസോഴ്സ്പേഴ്സൺ) തിരഞ്ഞെടുത്ത് ഉപയോഗപ്പെടുത്തണം.
- സംരംഭങ്ങൾ ആരംഭിക്കുകയെന്നുള്ളത് നിർബന്ധമാക്കരുത്. ഇത്തരം അയൽക്കൂട്ടങ്ങൾ സംരംഭങ്ങൾ മുഖേന ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ചാൽ അവയുടെ വിപണനം പൊതു അയൽക്കൂട്ടം, എഡിഎസ്, സിഡിഎസുകളുടെ ഉത്തരവാദിത്വം ആയിരിക്കും.
- സ്ത്രീയും, പുരുഷനും തുല്യതയിലധിഷ്ഠിതമായ സംവിധാനം ആകണം. ഒരിക്കലും കുടുംബശ്രീക്ക് സമാന്തരമായ സംഘടനാസംവിധാനം ആകരുത്.
- മുഴുവൻ വയോജനങ്ങളുടെയും പങ്കാളിത്തം കൊണ്ടു വരണം. എഡിഎസ് തലത്തിന് അപ്പുറത്തേയ്ക്ക് ഈ സംവിധാനം പോകരുത്.
- ദമ്പതികളായിട്ടുള്ളവർക്ക് ഒരുമിച്ചും അയൽക്കൂട്ടത്തിൽ അംഗത്വം എടുക്കുന്നതിന് സാധിക്കണം.
- എൻഎച്ച്ജികൾ സ്ത്രീശക്തീകരണ വേദികൾ എന്നപോലെ സുഹൃദ് വേദിയായിട്ടുവേണം വയോജന എൻ.എച്ച്.ജി.കൾ വരേണ്ടത്.
- അവർ ആവശ്യം വേണ്ട കാര്യം എന്ന നിലയിൽ ജീവിത ശൈലി, വാർദ്ധക്യരോഗ ചികിത്സാ ക്യാമ്പുകൾ നടത്തേണ്ടതാണ്.

**ശ്രീമതി. ജലജ, സാമൂഹ്യനീതി വകുപ്പ്**

സാമൂഹ്യനീതി വകുപ്പിന് 2007–ലെ ആക്ട് പ്രകാരം ഒരു വയോജന നയമുണ്ട്. കുടുംബശ്രീയുടെ ഈ ഉദ്യമം ഞങ്ങൾക്ക് സഹായകമാണ്. ഹെൽത്തി ഏജിംഗ്, ആക്ടീവ് ഏജിംഗ് എന്ന മുദ്രവാക്യമാണ് പ്രഖ്യാപിതനയനം. 13–ാം പദ്ധതിയുടെ ഭാഗമായി പകൽ വീടുകളെ സീനിയർ സിറ്റിസൺസ് റിസോഴ്സ് സെന്റർ ആക്കി

മാറ്റാൻ ഉദ്ദേശിക്കുന്നു. ന്യൂട്രിഷ്യൻ പ്രോഗ്രാം നടത്താൻ കഴിയുന്നില്ല. വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങളെ കണ്ടെത്തി (വയോജനങ്ങൾ വീട്ടിലായാലും, തെരുവിലായാലും ഉപേക്ഷിക്കപ്പെടുന്ന അവസ്ഥ ഗുരുതരമായ നിയമ ലംഘനമാണ്) ആവശ്യമായ സഹായം ലഭ്യമാക്കണം. ഗ്രാസ് റൂട്ട് ലെവലിൽ, കമ്മ്യൂണിറ്റി വോളണ്ടിയേഴ്സിന്റെ അഭാവം മൂലം, ജനമൈത്രി പോലീസുമായി ചേർന്നുള്ള വിവരശേഖരണ പ്രവർത്തനം നടക്കുന്നില്ല. ഈ മേഖലകളിലൊക്കെ കുടുംബശ്രീ പ്രവർത്തകർക്ക് ഞങ്ങളോടൊപ്പം ചേർന്ന് പ്രവർത്തിക്കാം എന്ന് കരുതുന്നു. വയോജന സൗഹൃദ പഞ്ചായത്തുകൾ, സായംപ്രഭ പദ്ധതി – Age Friendly Plan of Action –5 കോടിയുടെ പദ്ധതി എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മാതൃക അംഗൻവാടികൾ – ഇന്റഗ്രേഷൻ ഓഫ് ജനറേഷൻ – തലമുറകൾ തമ്മിലുള്ള ഏകീകരണം എന്ന നിലയിൽ വകുപ്പിന്റെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു. അംഗൻവാടി കുട്ടികൾ, കൗമാരക്കാർ, കൂടാതെ, വയോജനങ്ങൾ എന്നിവരുടെ സംഗമത്തിലൂടെ, മുതിർന്നവരുടെ അറിവുകൾ തലമുറകൾക്ക് പകരുകയും, മുതിൽന്നവരെ സംബന്ധിച്ച് അവരുടെ വിരസമായ ജീവിത സാഹചര്യം മറികടക്കാനും ഇതിലൂടെ കഴിയുന്നു.

**ശ്രീമതി. വിജയമ്മ – സാക്ഷരതാ മിഷൻ**

വയോജനങ്ങൾക്ക് ആവശ്യമുള്ള തുടർ സാക്ഷരതാ സഹായങ്ങൾ മിഷൻ വഴി ലഭ്യമാക്കാൻ കഴിയും. തദ്ദേശ ഭരണ സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക്മാർ ഇതിനുവേണ്ടി സഹായങ്ങൾ നൽകും. പഠനപ്രവർത്തനങ്ങൾക്ക്, സർവ്വേകൾക്കും ഏജൻസികൾ വഴി സഹായം ലഭിക്കും. ഔട്ട് റീച്ച് ആക്ടിവിറ്റി വഴി കൂടുതൽ പേരിൽ എത്താനാണ് സാക്ഷരതാ മിഷൻ ഉദ്ദേശിക്കുന്നത്.

**ശ്രീ ജോൺ ഹെൽപേജ് ഇൻഡ്യ**

ഇതുവരെയുള്ള ചർച്ചകൾ വിലയിരുത്തുമ്പോൾ പല വിധത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും എല്ലാം ചിതറിക്കിടക്കുന്നു. ഒരു Umbrella Concept വേണം. ഇതുവഴി എല്ലാവിധ പദ്ധതികളേയും ഏകോപിപ്പിച്ച് ഇവർക്കുവേണ്ടുന്ന സഹായങ്ങൾ ലഭ്യമാക്കാൻ കഴിയും.

**ശ്രീ. ശ്രീകണ്ഠൻ – ഗ്രാമീണ പഠന കേന്ദ്രം, കരകുളം**

കൊടുക്കൽ വാങ്ങൽ പ്രക്രിയയിലൂടെ പൊതു അയൽക്കൂട്ടങ്ങളുടെ ധാരയിലേയ്ക്ക് വയോജന അയൽക്കൂട്ടങ്ങളെ എത്തിക്കാൻ കഴിയണം. ഇതിനനുസരിച്ച് കുടുംബശ്രീയുടെ നിലവിലുള്ള ഘടക സംവിധാനങ്ങൾ ഉയരണം.

**ശ്രീമതി ഷാർലറ്റ്, സാമൂഹ്യ സുരക്ഷാ മിഷൻ**

വയോമിത്രം പദ്ധതിയിലുൾപ്പെടുത്തി കോർപ്പറേഷൻ വാർഡുകളിൽ 65 വയസിന് മുകളിലുള്ളവർക്ക് സൗജന്യമായി, ജീവിത ശൈലി രോഗങ്ങൾ പരിശോധിച്ച് ചികിത്സയും, മരുന്നും നൽകുന്നു. ഗ്രാമ പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നില്ല: 2011–ൽ തുടങ്ങിയ ഈ പദ്ധതി എല്ലാ മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനിലും മാത്രമാണ് ഉള്ളത് എന്ന പരിമിതിയുണ്ട്. വാർഡുകളിൽ

മുൻകൂട്ടി നിശ്ചയിച്ച സ്ഥലത്തും, തീയ്യതികളിലുമാണ് സേവനം നൽകുന്നത്. വർഷത്തിലൊരിക്കൽ Out Reach വർക്കും ചെയ്യുന്നു. ഇത് കൂടാതെ 'മന്ദഹാസം' എന്ന പേരിൽ വയോജനങ്ങൾക്ക് പല്ല് വയ്ക്കൽ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

**ശ്രീ. ജയകുമാർ, കുടുംബശ്രീ മുൻ പ്രോഗ്രാം ഓഫീസർ**

കണ്ണൂർ പള്ളിക്കുന്ന് പഞ്ചായത്തിലെ ഒരു പഠനത്തിന്റെ ഭാഗമായി 1500 പേരുടെ ഇടയിൽ, ഏതെങ്കിലും രീതിയിലുള്ള സഹായം ആവശ്യമുള്ളവരുണ്ടോ എന്ന സർവ്വേയിൽ 460 പേർ വയോജനങ്ങൾ ആയിരുന്നു. അനുഭവങ്ങലുടെ വെളിച്ചത്തിൽ എനിക്ക് നിർദ്ദേശിക്കാനുള്ള കാര്യങ്ങൾ ഇവയാണ്:-

- നിലവിലുള്ള ബാലസഭയുടെ മാതൃകയിൽ വേറെ ഒരു രൂപമായി കൊണ്ടു വരണം.
- ആരോഗ്യകരമായ വാർദ്ധക്യം എന്ന കൺസെപ്റ്റിന് ഊന്നൽ നൽകണം.
- സംരംഭങ്ങളിലേയ്ക്ക് തള്ളിവിടാതെ, അറിവുകൾ പ്രയോജനപ്പെടുത്തുന്നു എന്ന രീതിയിലുള്ള സംരംഭ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം. ഹോം ഷോപ്പ് വഴി വിപണന സംവിധാനം ഉറപ്പാക്കണം.

**ശ്രീമതി. സുജി, കൺസൾട്ടന്റ്, കുടുംബശ്രീ കൊല്ലം**

തുല്യതാ പദവി കൊടുക്കണം, എഡിഎസ് വരെ സമാന്തരമായി സംഘടനാ സംവിധാനവും, സിഡിഎസ്സിൽ പ്രാതിനിധ്യത്തിലൂടെ Space ഉറപ്പാക്കുകയും വേണം

**ശ്രീ. പ്രമോദ്. കെ.വി., പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ സ്റ്റേറ്റ് മിഷൻ**

പ്രാതിനിധ്യം ഉറപ്പാക്കി ആവശ്യങ്ങൾ നേടിയെടുക്കുക എന്നല്ലാതെ അധികാരം ഉറപ്പിക്കുക എന്ന നിലവിൽ ഉള്ള പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. സ്ത്രീ ശാക്തീകരണത്തിലൂന്നിയ, പൊതു അന്ത: സത്തയ്ക്ക് വിഘാതമാകാത്ത വിധത്തിൽ നിലവിലുള്ള ബൈലോയുടെ ഒരു ബൈലോ പുനരാവിഷ്കാരമാണ് നടത്താനുദ്ദേശിക്കുന്നത്. വളരെ ആധികാരികമായ ചർച്ചകളും, അഭിപ്രയാങ്ങളും നിർദ്ദേശങ്ങളുമാണ് പ്രതിനിധികളിൽ നിന്നും ഉണ്ടായത് എന്നതിൽ അതിയായ സന്തോഷമുണ്ട്. ഇതിൽ നിന്നും വളരെ വിലപ്പെട്ട ഒട്ടനേകം കാര്യങ്ങൾ ഞങ്ങൾക്ക് ബോധ്യപ്പെട്ടു.

- ആരോഗ്യകരമായ, സന്തോഷകരമായ വാർദ്ധക്യം - പ്രധാന ആശയം
- കൂടുതൽ പഠനം വേണമെന്ന് ബോധ്യപ്പെട്ടു.
- കൺവെൻജൻസ് സാധ്യത കൂടുതൽ ബോധ്യപ്പെട്ടു.

തീർച്ചയായും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ഒരു ബൈലോ ഭേദഗതിയായിരിക്കും വരുന്നത് എന്ന ഉറപ്പോടു കൂടി പങ്കെടുത്ത എല്ലാ മാതൃപ്രതിനിധികൾക്കും കുടുംബശ്രീ സംസ്ഥാന മിഷന്റെ പേരിലുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

ശിൽപശാല 04:10-ന് സമാപിച്ചു.

**പ്രോഗ്രാം ഓഫീസർ (സംഘടന)**
**കുടുംബശ്രീ**